I/136365/2023

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. DME/5477/2021-B1** **തീയതി: 28-01-2023**

**വിജ്ഞാപനം**

**ബി.ഫാം പ്രവേശനം 2022 -23, സ്പോട്ട് അലോട്ട്മെന്റ്**

2022-23 അധ്യയന വർഷത്തെ ബി.ഫാം കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ട് രണ്ടു ഘട്ട ഓൺലൈൻ അലോട്ട്മെന്റുകൾക്കും, മോപ്- അപ്പ് കൗൺസിലിംഗിനും ശേഷം തിരുവനന്തപുരം ഗവണ്മെന്റ് മെഡിക്കൽ കോളേജിലെ ഒഴിവുള്ള **'2' (രണ്ട്)** സീറ്റുകളിലേക്കുള്ള സ്പോട്ട് അലോട്ട്മെന്റ് **2023 ഫെബ്രുവരി 02 വ്യാഴാഴ്ച രാവിലെ 11 -ന്** തിരുവനന്തപുരം ഗവണ്മെന്റ് മെഡിക്കൽ കോളേജിലും, ആലപ്പുഴ ഗവണ്മെന്റ് T.D മെഡിക്കൽ കോളേജിലെ ഒഴിവുള്ള **'1' (ഒന്ന്)** സീറ്റിലേക്കുള്ള സ്പോട്ട് അലോട്ട്മെന്റ് **2023 ഫെബ്രുവരി 04 ശനിയാഴ്ച രാവിലെ 11 -ന്** ആലപ്പുഴ ഗവണ്മെന്റ് T.D മെഡിക്കൽ കോളേജിലും, കോട്ടയം ഗവണ്മെന്റ് മെഡിക്കൽ കോളേജിലെ ഒഴിവുള്ള **'2' (രണ്ട്)** സീറ്റിലേക്കുള്ള സ്പോട്ട് അലോട്ട്മെന്റ് **2023 ഫെബ്രുവരി 06 തിങ്കളാഴ്ച രാവിലെ 11 -ന്** കോട്ടയം ഗവണ്മെന്റ് മെഡിക്കൽ കോളേജിലും, കോഴിക്കോട് ഗവണ്മെന്റ് മെഡിക്കൽ കോളേജിലെ ഒഴിവുള്ള **'1' (ഒന്ന്)** സീറ്റുകളിലേക്കുള്ള സ്പോട്ട് അലോട്ട്മെന്റ് **2023 ഫെബ്രുവരി 08 ബുധനാഴ്ച രാവിലെ 11 -ന്** കോഴിക്കോട് ഗവണ്മെന്റ് മെഡിക്കൽ കോളേജിലും, കണ്ണൂർ ഗവണ്മെന്റ് മെഡിക്കൽ കോളേജിലെ ഒഴിവുള്ള **'7' (ഏഴ്)** സീറ്റിലേക്കുള്ള സ്പോട്ട് അലോട്ട്മെന്റ് **2023 ഫെബ്രുവരി 10 വെള്ളിയാഴ്ച രാവിലെ 11-ന്** കണ്ണൂർ ഗവണ്മെന്റ് മെഡിക്കൽ കോളേജിലും വച്ച് നടത്തുന്നു.

| **കോളേജിന്റെ പേര്** | **ഒഴിവ് എണ്ണം** | **കാറ്റഗറി** |
|---|---|---|
| കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, ഗവണ്മെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 2 | SM-1<br>EW-1 |
| കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, ഗവണ്മെന്റ് T.D മെഡിക്കൽ കോളേജ്, ആലപ്പുഴ | 1 | EW-1 |
| കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, ഗവണ്മെന്റ് മെഡിക്കൽ കോളേജ്, കോട്ടയം | 2 | SM-1<br>EZ-1 |
| കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, ഗവണ്മെന്റ് മെഡിക്കൽ | 1 | SM-1 |

| | | |
|---|---|---|
| കോളേജ്, കോഴിക്കോട് | | |
| കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, ഗവണ്മെന്റ് മെഡിക്കൽ കോളേജ്, കണ്ണൂർ | 7 | SM-1<br>EW-5<br>SC-1 |
| **ആകെ** | 13 | |

കേരള പ്രവേശനപരീക്ഷ കമ്മീഷണർ, തിരുവനന്തപുരം പ്രസിദ്ധീകരിച്ചിട്ടുള്ള ബി.ഫാം പ്രവേശനത്തിനുള്ള റാങ്ക് പട്ടികയിൽ നിന്ന് മെറിറ്റ് അടിസ്ഥാനത്തിലായിരിക്കും അലോട്ട്മെന്റ് നടത്തുന്നത്. യോഗ്യത തെളിയിക്കുന്നതിന് ആവശ്യമായ അസ്സൽ രേഖകൾ, അസ്സൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കുന്ന വിദ്യാർത്ഥികളെ മാത്രമാണ് പ്രസ്തുത ഒഴിവിലേക്ക് പരിഗണിക്കുന്നത്. **EWS സീറ്റുകൾ ഒഴിവ് വന്നാൽ അവ സ്റ്റേറ്റ് മെരിറ്റിലേക്കോ മറ്റേതെങ്കിലും വിഭാഗത്തിലേക്കോ Convert ചെയ്യാൻ പാടില്ലാത്തതാണ്. EWS ഒഴികെ** മറ്റേതെങ്കിലും വിഭാഗത്തിൽ ഒഴിവ് വന്നാൽ അത് സ്റ്റേറ്റ് മെരിറ്റിലേക്ക് മാറ്റാവുന്നതും ആണ്.

സ്പോട്ട് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അന്നേ ദിവസം തന്നെ ഫീസ് അടച്ച് രേഖകൾ സമർപ്പിച്ച് പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 - 2528386 (ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം), 9745968483 (ഗവ. മെഡിക്കൽ കോളേജ്, ആലപ്പുഴ), 0481 2592404 (ഗവ. മെഡിക്കൽ കോളേജ്, കോട്ടയം), 0495-2350210 (ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട്), 0497-2882356 (ഗവ. മെഡിക്കൽ കോളേജ്, കണ്ണൂർ) 0471-2528569 (ഡി.എം.ഇ ഓഫീസ്) എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

AJAYAKUMAR K
JOINT DIRECTOR (MEDICAL)

പകർപ്പ്:
1. പ്രവേശനപരീക്ഷ കമ്മീഷണർ,തിരുവനന്തപുരം
2. പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ് കോളേജ്, തിരുവനന്തപുരം/ ആലപ്പുഴ / കോട്ടയം /കോഴിക്കോട്/കണ്ണൂർ
3. ഡി.എം.ഇ/ജെ.ഡി.എം.ഇ(എം&ജി) എന്നിവരുടെ സി.എ മാർക്ക്
4. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് / സീനിയർ സൂപ്രണ്ട് (അക്കാഡമിക്)
5. കംപ്യൂട്ടർ പ്രോഗ്രാമർ (വെബ് സൈറ്റിൽപ്രസിദ്ധീകരിക്കുന്നതിന്)
6. സർജന്റ്
7. നോട്ടീസ് ബോർഡ്
8. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

Signed by
Ajayakumar K
Date: 28-01-2023 11:59:30